# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.505* | 19.11.2019-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ നികുതി വരുമാനം

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ<br>,, കെ. രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ജി.എസ്.ടി. നടപ്പിലാക്കി രണ്ട് വർഷത്തിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം പ്രതീക്ഷിത തലത്തിലേക്ക് ഉയരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

| വർഷം | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം | ശതമാനം |
|---|---|---|---|
| 2017-18 | 38945.26 | 38403.69 | 99 |
| 2018-19 | 41907.97 | 43707.51 | 104 |
| 2019-20 | 52959.79(BE) | 24416.84 (31.10.2019 വരെ) | |

| | |
|---|---|
| (ബി) സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി വിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തിന് ലഭിച്ച ഐ.ജി.എസ്.ടി. വിഹിതവും അഡ്ഹോക്ക് സെറ്റിൽമെന്റിന്റെ വിവരവും ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |

| വർഷം | ലഭിച്ച ഐ.ജി. എസ്.ടി. വിഹിതം | അഡ്ഹോക്ക് സെറ്റിൽമെന്റ് |
|---|---|---|
| 2017-18 | 6065 | 736 (ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>(ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ)</td><td>വരെ)</td></tr>
<tr><td>2018-19</td><td>10114.95</td><td>2734.37</td></tr>
<tr><td>2019-20 (31.10.2019 വരെ)</td><td>5935.51</td><td>567.59</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിന് ശേഷം സംസ്ഥാനത്തെ ചരക്കുനീക്കത്തിന്റെ പരിശോധന ഏതൊക്കെ രീതിയിലാണ് നടക്കുന്നതെന്ന് അറിയിക്കാമോ;</td>
<td>(സി)</td>
<td>ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലം ഉണ്ടായ നികുതി ചോർച്ച തടയുന്നതിലേയ്ക്കായി പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് ഇന്റലിജൻസ് സർവൈലൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ വിന്യസിച്ചു. സംസ്ഥാനത്തിനകത്തേക്ക് കടന്ന് വരുന്ന അന്തർ സംസ്ഥാന ചരക്ക് വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. 2018-19 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 7575877 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 1853640 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്. എന്നാൽ 2019-20 ലെ ഇതേ കാലയളവിൽ 9335852 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 1906046 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന്</td>
</tr>
</table>

| | | | |
|---|---|---|---|
| | | | നിയമാനുസൃതമായ ഇ–വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇ–വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നുണ്ട്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | ചരക്കുകൾ ലഭ്യമായതിനു ശേഷം ഇ–വേ ബില്ലുകൾ റദ്ദാക്കുന്നതിനുള്ള സാധ്യത നികുതി വരുമാനത്തെ ബാധിക്കുമെന്നതിനാൽ അത് തടയുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ; | (ഡി) | ചരക്കുകൾ ലഭ്യമായതിന് ശേഷം ഇ–വേ ബില്ലുകൾ റദ്ദാക്കുന്നതിനുള്ള സാധ്യത നികുതി വരുമാനത്തെ ബാധിക്കുമെന്നതിനാൽ അത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളെ പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെയും വിന്യസിച്ചിട്ടുണ്ട്. ക്രമാതീതമായി ഇ–വേ ബിൽ റദ്ദാക്കുന്ന വ്യാപാരികളുടെ സ്ഥാപനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധനാ വിധേയമാക്കി നിജസ്ഥിതി ഉറപ്പ് വരുത്തുന്നു. ഈ വർഷം ഒക്ടോബർ മാസം വരെ 9335,852 e-way bill കൾ ജനറേറ്റ് ചെയ്തതിൽ 2,53,945 e-way bill കളാണ് റദ്ദാക്കിയിട്ടുള്ളത്. ഈ വേ ബിൽ എടുത്തതിലെ തെറ്റുകൾ കാരണം റദ്ദാക്കി വീണ്ടും പുതിയ e-way bill എടുക്കുന്നതും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. |
| (ഇ) | ചരക്ക് നീക്കം നടത്തുന്നതിലെ നികുതി വെട്ടിപ്പ് മറ്റെന്തൊക്കെ രീതിയിലാണ് നടക്കുന്നതെന്നും ആയത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികളും വിശദമാക്കുമോ? | (ഇ) | ചരക്കു നീക്കത്തിലെ നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും |

| | | | |
|---|---|---|---|
| | | | അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>**2.** ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br>**3.** റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>**4.** നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>5. നികുതി ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കുവാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK)യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാ പത്രത്തിൽ ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ